**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 377

03.02.2014-ലെ മറുപടിയ്ക്ക്

**കായലോര ടൂറിസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. പി.ഉബൈദുള്ള | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കായലോര ടൂറിസത്തിന് കേരളത്തിന്റെ സവിശേഷതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നവപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; | (എ) കായലോര ടൂറിസത്തിന് കേരളത്തിന്റെ സവിശേഷതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആദ്യഘട്ടമായി ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.62 കോടി രൂപയുടെ സംസ്ഥാന വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതി 2 വർഷത്തിനകം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) കായലുകളെയും തുരുത്തുകളെയും ബന്ധിപ്പിച്ചുള്ള പരമ്പരാഗത ചെറുകനാലുകൾ നിലനിർത്താനും പുനരുദ്ധരിക്കാനും, അവ ചെറു | (ബി) ഉണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ ആലപ്പുഴ കായലോര വികസന പദ്ധതിയിൽ പരമ്പരാഗത ചെറുകനാ |

വഞ്ചി യാത്രയ്ക്ക് ഉപയോഗപ്പെടുത്തി ടൂറിസം ആകർഷകമാക്കാനും പദ്ധതിയുണ്ടോ;

ലുകൾ നിലനിർത്തി അവ ചെറുവഞ്ചി യാത്രയ്ക്ക് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ ഡി.റ്റി.പി.സി. മുഖേന "വില്ലേജ് ബാക്ക്‌വാട്ടർ ടൂർ" പദ്ധതി നടപ്പിലാക്കുന്നതും ചെറുതോണികൾ ഉപയോഗിച്ചാണ്. കൊല്ലം-കോട്ടപ്പുറം ജലപാത വികസനം ഏതാണ്ട് പൂർത്തിയായി വരികയാണ്. ഇതു വഴിയും അനുബന്ധ ചെറുകനാലുകൾ വഴിയും ചെറുതോണി യാത്രയ്ക്കുള്ള സൗകര്യം ഇതോടെ വർദ്ധിക്കും. വർക്കല-കോട്ടപ്പുറം ഉൾനാടൻ ജലപാതകൾ ബന്ധിപ്പിച്ച് ഒരു സമഗ്രവികസന പദ്ധതിയും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

(സി) ജലാശയങ്ങളുടെയും കായലോരങ്ങളുടെയും മലിനീകരണം തടഞ്ഞ് പ്രദേശം ആകർഷകമാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

(സി) കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടെയും, കായലോരങ്ങളുടെയും മലിനീകരണം തടയുന്നതിനായി ആലപ്പുഴ കായലോര വികസന പദ്ധതിയിൽ തന്നെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്.

ജലാശയങ്ങളിലെയും കായലോരങ്ങളിലെയും ജലമലിനീകരണം തടയുന്നതിനായി ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യ ശേഖരണം നടത്തി അവ നീക്കം ചെയ്യുന്നതിനായി ഫ്ളോട്ടിംഗ് ക്രാഫ്റ്റ് നിർമ്മിക്കുന്നതിന് കോട്ടയത്ത് കുമരകം കേന്ദ്രമാക്കി ഒരു

പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവളം, കുമരകം, കുമ്പളങ്ങി തുടങ്ങിയ സ്ഥലങ്ങളിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, മറ്റു കേന്ദ്രങ്ങളിൽ ടൂറിസം ട്രേഡിന്റെ സഹായത്തോടെ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. പുന്നമടയിലും, കുമരകത്തും ജലാശയങ്ങളിലെയും, കാലയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള (സീവേജ് ട്രീറ്റ്മെന്റ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 60-ൽ പരം പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ വഴിയും മാലിന്യ നിർമ്മാർജ്ജനം നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ